# തശഹ്ഹുദിനു ശേഷമുള്ള സ്വലാത്ത്

അബ്ദുൽ ജബ്ബാർ അബ്ദുല്ല

اللهم صل علٰى محمد وعلٰى آلِ محمد كما صليت علٰى إبراهيم وعلٰى آلِ إبراهيم إنك حميد مجِيد، اَللهم بارِك علٰى محمد وعلٰى آلِ محمدكما باركْت علٰى إبراهيم وعلٰى آلِ إبراهيم إنك حميد مجِيد

“അല്ലാഹുവേ, ഇബ്റാഹീമിനും കുടുംബത്തിനും നീ കരുണ ചെയ്തത്പോലെ മുഹമ്മദിനും കുടുംബത്തിനും നീ കരുണ ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. അല്ലാഹുവേ, ഇബ്റാഹീമിനേയും കുടുംബത്തേയും നീ അനുഗ്രഹിച്ചതുപോലെ മുഹമ്മദിനേയും കുടുംബത്തേയും നീ അനുഗ്രഹിക്കേണമേ! നിശ്ചയം നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ്”

തശഹ്ഹുദിൽ നബിﷺക്കും സജ്ജനങ്ങൾക്കും സലാമോതിയ ശേഷം നബിﷺയുടെ മേൽ സ്വലാത്ത് ചൊല്ലൽ നിർബന്ധമാണെന്നറിയിക്കുന്ന ബാബ് എന്ന ഒരു അദ്ധ്യായം തന്നെ ഇമാം അബൂഉവാനഃ തന്റെ മുസ്തഖ്റജിൽ നൽകിയിട്ടുണ്ട്. പ്രസ്തുത അദ്ധ്യായത്തിൽ തൽവിഷയത്തിലുള്ള ഹദീഥുകളും അദ്ദേഹം നൽകിയിട്ടുണ്ട്.